(3) ഓട്ടോമാറ്റിക് മിൽക്പാക്കിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് കഴിഞ്ഞ 3 വർഷമായി ലാഭത്തിൽ പ്രവർത്തിക്കുന്നതും പ്രതിദിനം ശരാശരി 2000 ലിറ്റർ പാൽ ശേഖരിക്കുന്നതും 1000 ലിറ്റർ ശേഷിയുള്ള മിൽക്ക് കൂളർ ഉള്ളതും, ശേഖരിക്കുന്ന പാലിന്റെ 30% പ്രാദേശിക വിപണിയിൽ വിൽക്കുന്നതുമായ സംഘങ്ങൾക്ക് വിലയുടെ 33 1/3 % അല്ലെങ്കിൽ പരമാവധി 2 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്നു.

(4) പാൽ ശേഖരിക്കുന്ന മുറികൾ സ്ഥാപിക്കുന്നതിനായി സ്വന്തം സ്ഥലം ഉണ്ടായിരിക്കുകയും കഴിഞ്ഞ 3 വർഷമായി ലാഭത്തിൽ പ്രവർത്തിക്കുന്നതും, പ്രതിദിനം ശരാശരി 400 ലിറ്റർ പാൽ ശേഖരിക്കുന്നതുമായ സംഘങ്ങൾക്ക് ചെലവിന്റെ 20% പരമാവധി 75,000 രൂപ വരെ സബ്സിഡി നൽകുന്നു.

(5) ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിന്, പ്രതിദിനം 1000 ലിറ്റർ പാൽ സംഭരിക്കുന്നതും ലാഭത്തിൽ പ്രവർത്തിക്കുന്നതുമായ സംഘങ്ങൾക്ക് ചെലവിന്റെ 33 1/3%, പരമാവധി 15,000 രൂപ സബ്സിഡി നൽകുന്നു.

(6) പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്ന ഉപകരണം വാങ്ങുന്നതിലേക്കായി, പ്രതിദിനം 1000 ലിറ്റർ പാൽ സംഭരിക്കുന്നതും, ലാഭത്തിൽ പ്രവർത്തിക്കുന്നതുമായ സംഘങ്ങൾക്ക് വിലയുടെ 25% പരമാവധി 25,000 രൂപ വരെ സബ്സിഡി നൽകുന്നു.

(7) സ്റ്റെയിൻലസ് സ്റ്റീൽ 304 ഗ്രേഡ് 40 ലിറ്റർ സംഭരണി വാങ്ങുന്നതിലേയ്ക്കായി, പരമാവധി 10 സംഭരണികൾ ആനന്ദ് മാതൃകയിലെ സംഘങ്ങൾക്ക് (ആപ്കോസ്) വിലയുടെ 33 1/3 %, പരമാവധി യൂണിറ്റിന് 800 രൂപ ക്രമത്തിൽ ധനസഹായം നൽകുന്നു.

(ഡി) ഇപ്പോൾ അർഹതയുള്ളവർക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. ആയതിനാൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തേണ്ട കാര്യമുണ്ടെന്ന് തോന്നുന്നില്ല.

ഗോരക്ഷാമിഷന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ

135 [2034] ശ്രീ. കെ. നാരായണക്കുറുപ്പ് :

,, തോമസ് ചാഴിക്കാടൻ:

,, റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗോരക്ഷാ മിഷൻ എന്നാണ് നിലവിൽ വന്നതെന്ന് അറിയിക്കാമോ ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) ഇത് എത്രമാത്രം പ്രാവർത്തികമാക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അന്യസംസ്ഥാനങ്ങളിൽ നിന്നും രോഗബാധിതരായ ആടുമാടുകളെ സംസ്ഥാനത്ത് എത്തിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇത് തടയുന്നതിന് ചെക്ക് പോസ്റ്റുകളിൽ മൃഗസംരക്ഷണ വകുപ്പിന്റെ നിയന്ത്രണം കർശനമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 29-5-2004 മുതൽ നിലവിൽ വന്നു.

(ബി) 1. കാലി സമ്പത്തിന്റെ ആരോഗ്യ സംരക്ഷണത്തിലൂടെ ഉത്പാദനം മെച്ചപ്പെടുത്തി കർഷകരുടെ സാമൂഹ്യ സാമ്പത്തിക നിലവാരം ഉയർത്തുക.

2. സംസ്ഥാനത്തെ ഒരു കാലിരോഗ നിയന്ത്രിത മേഖലയാക്കി മാറ്റുക.

3. ദേശീയ-അന്തർ ദേശീയ കമ്പോളത്തിൽ കേരളത്തിൽ നിന്നുള്ള മൃഗങ്ങൾക്കും മൃഗഉൽപ്പന്നങ്ങൾക്കും മെച്ചപ്പെട്ട വില ലഭ്യമാക്കി കയറ്റുമതി സാദ്ധ്യതകൾ മെച്ചപ്പെടുത്തുക.

(സി) 12 ലക്ഷത്തോളം കന്നുകാലികളെ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പിന് വിധേയമാക്കി.

(ഡി) ഉണ്ട്.

(ഇ) ചെക്ക് പോസ്റ്റുകളിൽ വാക്സിനേഷൻ സർട്ടിഫിക്കറ്റുകൾ നിർബന്ധിതമാക്കുക, ചെക്ക് പോസ്റ്റുകൾ വഴി എത്തുന്ന മൃഗങ്ങൾക്ക് പ്രത്യേക നിറത്തിലുള്ള തിരിച്ചറിയൽ ടാഗ് അടിക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കുളമ്പുരോഗ പ്രതിരോധത്തിനായി ആടുകൾക്ക് നൽകിയ കുത്തിവയ്പ്

136 [2035] ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുളമ്പ് രോഗത്തിനുള്ള പ്രതിരോധ കുത്തിവയ്പ് നടത്തിയതുമൂലം കോഴിക്കോട് ജില്ലയിൽ ബ്രോയ്ലർ ഇനത്തിൽപ്പെട്ട ആടുകൾക്ക് ഗർഭഛിദ്രം സംഭവിച്ചതായും മറ്റ് ചിലതിന് ഗർഭധാരണം നടക്കുന്നില്ലെന്നുമുള്ളതിനാൽ ഉടമസ്ഥന് ആടു വളർത്തലിനുവേണ്ടി എടുത്ത രണ്ടുലക്ഷം രൂപ തിരിച്ചടയ്ക്കാൻ സാധിക്കാത്ത പരിതസ്ഥിതി കാണിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) അപേക്ഷകന് എന്തെങ്കിലും നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly